II. ചരമോപചാരം

ഒ. വി. വിജയന്റെ നിര്യാണം സംബന്ധിച്ച്

മി. സ്പീക്കർ: ആധുനിക മലയാള സാഹിത്യത്തിൽ ഏറ്റവുമധികം ചർച്ച ചെയ്യപ്പെടുകയും അംഗീകരിക്കപ്പെടുകയും ചെയ്തിട്ടുള്ള എഴുത്തുകാരനും കഥാകൃത്തും കാർട്ടൂണിസ്റ്റും രാഷ്ട്രീയ ചിന്തകനുമായ ഒ. വി. വിജയൻ ഓർമ്മമാത്രമായി. "ഖസാക്കിന്റെ ഇതിഹാസം" എന്ന ഒറ്റകൃതി കൊണ്ടുതന്നെ സമൂഹത്തിന്റെ മുഴുവൻ ശ്രദ്ധ നേടിയ വിജയൻ നമ്മുടെ സാമ്പ്രദായിക രചനാരീതികളെയും മലയാളികളുടെ സാഹിത്യാസ്വാദന ശീലങ്ങളേയും അഗാധമായി സ്വാധീനിച്ചു. 9. 30 A.M.]

1930 ജൂലൈ രണ്ടിന് പാലക്കാട് മങ്കരയിലാണ് ഓട്ടുപുലാക്കൽ വേലുക്കുട്ടി വിജയൻ എന്ന ഒ. വി. വിജയന്റെ ജനനം. അദ്ധ്യാപകൻ, കാർട്ടൂണിസ്റ്റ് എന്നീ നിലകളിൽ പ്രശസ്തനായ വിജയൻ സാഹിത്യകാരനായാണ് കൂടുതൽ അറിയപ്പെട്ടത്. "ഖസാക്കിന്റെ ഇതിഹാസം, ഗുരുസാഗരം, ധർമ്മപുരാണം, മധുരം ഗായത്രി, ഒ. വി. വിജയന്റെ കഥകൾ, തലമുറകൾ" എന്നീ കൃതികളിലൂടെ സാഹിത്യ ലോകത്ത് ചിരപ്രതിഷ്ഠ നേടിയ വിജയന് പദ്മഭൂഷൺ, കേന്ദ്ര-സംസ്ഥാന സാഹിത്യഅക്കാദമി അവാർഡ്, വയലാർ അവാർഡ്, ഓടക്കുഴൽ അവാർഡ്, എഴുത്തച്ഛൻ പുരസ്ക്കാരം എന്നീ ബഹുമതികൾ ലഭിച്ചിട്ടുണ്ട്. സാഹിത്യ ലോകത്തിന്, മലയാളികൾക്ക്, പ്രത്യേകിച്ചും വിജയന്റെ നിര്യാണം ഒരു തീരാനഷ്ടമാണ്. ആ മഹാപ്രതിഭയുടെ സ്മരണയ്ക്കുമുൻപിൽ നമുക്ക് ആദരാഞ്ജലികൾ അർപ്പിക്കാം.

(പരേതനോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അൽപ്പസമയം എഴുന്നേറ്റ് നിന്ന് മൗനം ആചരിച്ചു)

III. അടിയന്തിരപ്രമേയം

സർക്കാർ പ്രഖ്യാപിച്ച മദ്യനയംമൂലം കള്ളു ചെത്തു തൊഴിലാളികൾ നേരിടുന്ന ബുദ്ധിമുട്ടുകൾ

മി. സ്പീക്കർ: സംസ്ഥാനത്ത് ഇന്നലേയും, ഇന്നുമായി നടക്കേണ്ടിയിരുന്ന കള്ളുഷാപ്പുകൾ ഏൽപ്പിച്ചുകൊടുക്കൽ നടക്കാത്തതിനാലും, സർക്കാർ പ്രഖ്യാപിച്ച മദ്യനയം, കള്ളുവ്യവസായം പൂർണ്ണമായി നാശത്തിലാക്കുന്നതിനാലും നിർത്ത ലാക്കിയ ഷാപ്പുകൾ പുനസ്ഥാപിക്കുന്നതിനാലും റെയിഞ്ചടിസ്ഥാനത്തിൽ ലൈസൻസ് നൽകുന്നതിന് ഗവണ്മെന്റ് തയ്യാറാകാത്തതിനാലും കള്ളുചെത്ത് തൊഴിലാളികളും അവരുടെ കുടുംബങ്ങളും നേരിടുന്നതായി പറയപ്പെടുന്ന

LIBRARY ARCHIVES Kerala Legislative Assembly